LIBRARY ARCHIVES Kerala Legislative Assembly

തിരികെ നൽകുകയാണ് ചെയ്യുവരുന്നത്. ജ്വല്ലറികളിലെ സ്വർണ്ണ സമ്പാദ്യ പദ്ധതികളെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി വാണിജ്യ നികുതി വകുപ്പിലെ ഡെപ്യൂട്ടി കമ്മിഷണർ(Admn.),രജിസ്ട്രേഷൻ ഐ.ജി യുടെ ഓഫീസിലെ ലീഗൽ ഓഫീസർ ഡെപ്യൂട്ടി ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജ്വല്ലറികൾ പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുകയും കാലാവധി യാകുമ്പോൾ സ്വർണ്ണത്തിനു പകരം പലിശ സഹിതം പണമായി മടക്കിനൽകുന്നു ണ്ടോയെന്ന് ജ്വല്ലറികളുടെ രേഖകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വാണിജ്യ നികുതി ഡെപ്യൂട്ടി കമ്മിഷണർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാളിതുവരെ ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം നിക്ഷേപത്തുക പണമായി മടക്കി നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

ഇണിത്തരങ്ങളുടെ വിറ്റു വരവ്- ടേൺഓവർ ടാക്സ്

231 (571) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇണിത്തരങ്ങളുടെ വിറ്റുവരവിൻമേൽ രണ്ട് ശതമാനം ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തിയത് ഏതു തീയതി മുതലാണെന്നും ഇതുവഴി തന്നാണ്ടിൽ എത്ര കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) ഈ വർഷത്തെ ആദ്യ പകുതിയിൽ ഈ ഇനത്തിൽ ലഭിച്ച അധിക വരുമാനം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ടേണോവർ ടാക്സ് വ്യാപാരികൾ അവരുടെ ലാഭത്തിൽ നിന്നും നൽകേണ്ടതുണ്ടോ ; ഉപഭോക്താക്കളിൽ നിന്നും ഇത് ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 1-4-2014 മുതലാണ് ടെക്സ്റ്റൈൽ ഇനങ്ങളുടെ മേൽ 2 ശതമാനം ടേൺഓവർ ടാക്സ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും 100 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്.

(ബി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) രണ്ട് ശതമാനം ടേൺഓവർ ടാക്സ് ഉപഭോക്താക്കളിൽ നിന്നും പരിക്കുവാൻ വാറ്റ് നിയമത്തിൽ വ്യാപാരികൾക്ക് അനുമതി നൽകിയിട്ടില്ല. അപ്രകാരം നികുതി പരിച്ചതു സംബന്ധിച്ച പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചെക്ക്പോസ്റ്റുകളുടെ നവീകരണം

232(572) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെക്ക് പോസ്റ്റുകൾ കാര്യക്ഷമമല്ലാത്തത് നികുതി വരുമാനത്തിന്റെ കുറവിന് കാരണമായിട്ടുണ്ടോ ;

(ബി) ചെക്ക്പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ;

(സി) ചെക്ക് പോസ്റ്റുകൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(ബി) ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിന്റെ ഭാഗമായി ചരക്കുവാഹനങ്ങളുടെ പരിശോധന കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും സംയോജിത ചെക്ക്പോസ്റ്റ് എന്ന ആശയം മുൻനിർത്തി മോട്ടോർവാഹന, എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച് 2011-സെപ്റ്റംബറിൽ അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം നിലവിൽ വന്നു. സംസ്ഥാനത്തെ മറ്റ് പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളായ ആര്യങ്കാവ്, വാളയാർ, വഴിക്കടവ്, മുത്തങ്ങ, ബംഗ്ര മഞ്ചേശ്വരം എന്നിവ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാണിജ്യ തിരുകതി ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി മൊബൈൽ വെഹിക്കിൾ സ്കാനിംഗ് യൂണിറ്റ് സ്ഥാപിക്കുതിനുള്ള സാധ്യത പഠിക്കുന്നതിനായി 13-3-2014-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 208/2014/നി.വ. പ്രകാരം നികുതി വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly